A8/30281/2016/PHQ
പോലീസ് ആസ്ഥാനം, കേരളം
തിരുവനന്തപുരം 695010
തീയതി 30/06/2017

## സർക്കുലർ നമ്പർ :16/2017

വിഷയം: പോലീസ് ഉദ്യോഗസ്ഥരുടെ അടിക്കടിയുള്ള സ്ഥലംമാറ്റം-ന്യായീകരണം ആവശ്യപ്പെട്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:
1. 10.10.2013 ലെ പി.എച്ച്.ക്യൂ കത്ത് നം.എ8/86098/2013
2. 18.01.2016 ലെ എ.ഡി.ജി.പി മാരുടെ മീറ്റിംഗിന്റെ മിനിട്ട്സ്.
3. 28.02.2014 ലെ സർക്കാർ കത്ത് നം.99042/എ5/2013/ആഭ്യന്തരം.

കേരള പോലീസ് ആക്ട്/കേരള പോലീസ് മാന്വൽ എന്നിവയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിലെ സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർമാർ/അസി. സബ് ഇൻസ്പെക്ടർമാർ/ സീനിയർ സിവിൽ പോലീസ് ഉദ്യോഗസ്ഥർ/സിവിൽ പോലീസ് ഉദ്യോഗസ്ഥർ എന്നിവരെ നിശ്ചിത കാലപരിധിക്ക് മുമ്പായി സമ്മർദ്ദങ്ങൾക്ക് വിധേയമായി സ്ഥാനചലനം നടത്തുന്നതായി കണ്ടുവരുന്നു.

2014-2015 കാലഘട്ടങ്ങളിൽ നടത്തിയ സ്ഥലമാറ്റ ഉത്തരവുകൾ പരിശോധിച്ചതിൽ നിന്നും സർക്കാരിൽ നിന്നുള്ള രേഖാമൂലമുള്ള നിർദ്ദേശപ്രകാരമോ, സ്റ്റേറ്റ് പോലീസ് ചീഫിന്റെ ഉത്തരവ് പ്രകാരമോ, സബ് ഇൻസ്പെക്ടർമാർ/അസി. സബ് ഇൻസ്പെക്ടർമാർ/ സീനിയർ സിവിൽ പോലീസ് ഉദ്യോഗസ്ഥർ/സിവിൽ പോലീസ് ഉദ്യോഗസ്ഥർ അരെയും തന്നെ കേരള പോലീസ് ആക്ട്/കേരള പോലീസ് മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ള നിർദ്ദിഷ്ട സേവന കാലാവധിപൂർത്തിയാക്കാതെ സ്ഥലംമാറ്റുവാൻ നിർദ്ദേശിച്ചിട്ടില്ല. എന്നാൽ പ്രസ്തുത കാലയളവിൽ സോണൽ/റേഞ്ച്/യൂണിറ്റ് തലത്തിൽ സ്ഥലം മാറ്റങ്ങൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| യൂണിറ്റ് | 2014 | 2015 |
|---|---|---|
| ADGP SZ | 76 | 85 |
| ADGP NZ | 3 | 5 |
| Tvpm Range | 52 | 8 |
| EKM Range | 115 | 12 |
| TSR Range | 65 | 6 |
| KNR Range | 11 | 12 |
| DPO/CPOs | 383 | 426 |

നിർദ്ദിഷ്ട സേവന കാലാവധി പൂർത്തിയാക്കുന്നതിനുമുമ്പ് നടത്തുന്ന സ്ഥലമാറ്റങ്ങൾ പോലീസ് ഉദ്യോഗസ്ഥരെ അവരുടെ കർത്തവ്യങ്ങൾ നിയമാനുസൃതമായും മതിയായ ധൈര്യത്തോടെയും നിശ്ചയദാർഢ്യത്തോടെയും, നിഷ്പക്ഷതയോടെയും കൂടി നിർവ്വഹിക്കുന്നതിനെ പ്രതികൂലമായി ബാധിക്കുന്നു.

കേരള പോലീസ് ആക്ടിലെ സെക്ഷൻ 97 പ്രകാരം സംസ്ഥാന പോലീസ് മേധാവി മുതൽ സ്റ്റേഷൻ ഹൗസ് ഓഫീസർ വരെയുള്ള പോലീസ് ഉദ്യോഗസ്ഥരുടെ ഉദ്യോഗ കാലാവധി ഏറ്റവും കുറഞ്ഞത് രണ്ട് വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ കാലയളവിൽ കാര്യകാരണങ്ങൾ ഇല്ലാതെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരെ സ്ഥലം മാറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മതിയായ കാരണങ്ങൾ ഇല്ലാതെ നടത്തുന്ന ഇത്തരം സ്ഥലം മാറ്റങ്ങൾ ഒരു ഉദ്യോഗസ്ഥന്റെ കൃത്യനിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുന്നു. അതിനാൽ നിർദ്ദിഷ്ട പരിമിത സേവന കാലയളവായ 2 വർഷത്തിനുള്ളിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാർ ആരെയും തന്നെ അനാവശ്യമായി സ്ഥലംമാറ്റാൻ പാടുള്ളതല്ല.

ഇതു കൂടാതെ പോലീസ് മാന്വലിലെ, സെക്ഷൻ 67 (ബി) പ്രകാരം സബ് ഇൻസ്പെക്ടർമാർ/സീനിയർ സിവിൽ പോലീസ് ഉദ്യോഗസ്ഥർ/ സിവിൽ പോലീസ് ഉദ്യോഗസ്ഥർ എന്നിവരെ സാധാരണ ഗതിയിൽ 3 വർഷം പൂർത്തീകരിക്കാതെ ഒരു സ്റ്റേഷനിൽ നിന്നും മറ്റൊരു സ്റ്റേഷനിലേയ്ക്ക് മാറ്റാൻ പാടുള്ളതല്ല എന്ന് പ്രതിപാദിച്ചിട്ടുണ്ട്. ഈ കാലയളവ് പൂർത്തിയാക്കുന്നതിന് മുമ്പുള്ള പോലീസ് ഉദ്യോഗസ്ഥരുടെ അടിക്കടിയുള്ള സ്ഥലം മാറ്റം ക്രമസമാധാന പാലനം/കുറ്റകൃത്യ നിയന്ത്രണം എന്നിവയെ പ്രതികൂലമായി ബാധിക്കുന്നു എന്നതിനാൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഒരു സ്റ്റേഷനിൽ നിയമിതനായ സ്റ്റേഷൻ ഹൗസ് ഓഫീസറെ രണ്ടു വർഷം പൂർത്തിയാക്കാതെയും സബ് ഇൻസ്പെക്ടർ/ അസി. സബ് ഇൻസ്പെക്ടർമാർ/ സീനിയർ സിവിൽ പോലീസ് ഓഫീസർ/സിവിൽ പോലീസ് ഓഫീസർ എന്നീ തസ്തികയിൽപ്പെട്ട ഉദ്യോഗസ്ഥരെ 3 വർഷം പൂർത്തിയാക്കാതെയും സ്ഥലം മാറ്റാൻ പാടുള്ളതല്ല.

2. ബാഹ്യസമ്മർദ്ദംമൂലമുള്ള അനാവശ്യ സ്ഥലം മാറ്റങ്ങൾ കർശനമായി ഒഴിവാക്കുക.

3. ഒരു ഉദ്യോഗസ്ഥൻ കാര്യക്ഷമമായി ജോലി ചെയ്യുന്നില്ല/കർത്തവ്യത്തിൽ വിമുഖത കാണിക്കുന്നു/നിലവിലെ ഏതെങ്കിലും നിയമം ലംഘനം നടത്തുന്നു, എങ്കിൽ മേലുദ്യോഗസ്ഥൻ ടിയാന്റെ ജോലി വിലയിരുത്തി

കൃത്യവിലോപത്തിന് ടിയാനെ മറ്റൊരു സ്റ്റേഷനിലേക്ക് സ്ഥലം മാറ്റുന്നതിന് പകരം, അയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്.

4. ഒരു പ്രത്യേക സ്റ്റേഷനിൽ നിയമിതനായി 2 വർഷത്തിനുള്ളിൽ സ്റ്റേഷൻ ഹൗസ് ഓഫീസറെയും, 3 വർഷത്തിനുള്ളിൽ സബ് ഇൻസ്പെക്ടർമാർ/അസി. സബ് ഇൻസ്പെക്ടർമാർ/സീനിയർ സിവിൽ പോലീസ് ഓഫീസർമാർ/ സിവിൽ പോലീസ് ഓഫിസർമാർ ഇവരിൽ ആരെയെങ്കിലും സ്ഥലം മാറ്റി ഉത്തരവ് ഇറക്കുകയാണെങ്കിൽ അത് തീർത്തും വ്യക്തമായ ഒന്നായിരിക്കണം. ടിയാനെ സ്ഥലം മാറ്റാനുള്ള കാര്യകാരണങ്ങൾ ഈ ഉത്തരവിൽ ഉറപ്പായും സ്പഷ്ടമാക്കേണ്ടതാണ്. (Speaking Order)

5. സ്റ്റേഷൻ ഹൗസ് ഓഫീസറുടെ പരിമിത സേവന കാലയളവായ 2 വർഷത്തിനുള്ളിലും സബ് ഇൻസ്പെക്ടർമാർ/അസി. സബ് ഇൻസ്പെക്ടർമാർ/ സീനിയർ സിവിൽ പോലീസ് ഓഫീസർമാർ/സിവിൽ പോലീസ് ഓഫീസർമാർ എന്നിവരുടെ സേവന കാലയളവായ 3 വർഷത്തിനുള്ളിലും സ്ഥലംമാറ്റ ഉത്തരവ് ഇറക്കേണ്ടി വന്നാൽ ആയത് പോലീസ് എസ്റ്റാബ്ളിഷ്മെന്റ് ബോർഡിന്റെ മുമ്പാകെ സൂക്ഷ്മ പരിശോധനയ്ക്ക് ആവശ്യമായ വിശദാംശങ്ങൾ ഉൾപ്പെടെ ഹാജരാക്കേണ്ടതും, സ്ഥലം മാറ്റ ഉത്തരവ് ന്യായ പൂർണ്ണമാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

6. നിർദ്ദിഷ്ട സേവന കാലയളവ് പൂർത്തീകരിക്കും മുമ്പ് ഇറക്കുന്ന സ്ഥലം മാറ്റ ഉത്തരവുകൾ പോലീസ് എസ്റ്റാബ്ളിഷ്മെന്റ് ബോർഡിന്റെ അനുമതിക്ക് വിധേയമായിരിക്കും. ഇത്തരം ഉത്തരവുകളുടെ പകർപ്പുകൾ വിവരാവകാശ നിയമത്തിനു കീഴിൽ ലഭ്യമാക്കേണ്ടതുണ്ട്.

7. ഒരു ഉദ്യോഗസ്ഥനെ സംബന്ധിക്കുന്ന സ്ഥലംമാറ്റ ഉത്തരവിന്റെ പകർപ്പ് എത്രയും പെട്ടെന്ന് തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് നൽകേണ്ടതാണ്. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ സർക്കിൾ ഇൻസ്പെക്ടർമാരുടെ സ്ഥലംമാറ്റ ഉത്തരവുകൾക്കും ബാധകമായിരിക്കും.

ബഹു.കോടതി നിർദ്ദേശ പ്രകാരമോ, സർക്കാരിന്റെ രേഖാമൂലമുള്ള ഉത്തരവ് പ്രകാരമോ ഒരു ഉദ്യോഗസ്ഥനെ അടിയന്തിരമായി സ്ഥലം മാറ്റുന്നതിന് മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ബാധകമല്ല.(ഇലക്ഷൻ സംബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള മാതൃകാ പെരുമാറ്റച്ചട്ടപ്രകാരമുള്ള മാറ്റങ്ങൾക്കോ പുനർമാറ്റങ്ങൾക്കോ ഈ നിർദ്ദേശം ബാധകമായിരിക്കില്ല.)

ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിലെ സ്റ്റേഷൻ ഹൗസ് ഓഫീസർ/ സബ് ഇൻസ്പെക്ടർ/അസി. സബ് ഇൻസ്പെക്ടർ/സിവിൽ പോലീസ് ഓഫീസർ/സീനിയർ സിവിൽ പോലീസ് ഓഫീസർ എന്നീ ഉദ്യോഗസ്ഥരുടെ നിയമന/സ്ഥലംമാറ്റ ഉത്തരവുകൾ തയ്യാറാക്കുമ്പോൾ എല്ലാ യൂണിറ്റ് മേധാവികൾക്കും മികച്ച ഭരണ താല്പര്യം മുൻനിർത്തി, മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

ടി. പി. സെൻകുമാർ ഐ.പി.എസ്
സംസ്ഥാന പോലീസ് മേധാവി

ഗ്രാഹകർ : എല്ലാ യൂണിറ്റ് മേധാവിമാർക്കും
- അറിവിലേക്കും അനന്തരനടപടികൾക്കുമായി

പകർപ്പ് : സർക്കുലർ രജിസ്റ്റർ, പോലീസ് വെബ്സൈറ്റ്